# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 574** **07.01.2014-ലെ മറുപടിക്ക്**

**രൂപയുടെ വിലയിടിവ്**

| | **ചോദ്യം**<br><br>**ഡോ. ടി.എം. തോമസ് ഐസക്** | **ഉത്തരം**<br><br>**ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
|---|---|---|
| (എ) | രൂപയുടെ വിലയിടിവ് തുടരുന്നതിനിടെ കേരളത്തിലേയ്ക്ക് വിദേശ പണമെത്തുന്നത് വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | രൂപയുടെ വിലയിടിവ് തുടങ്ങിയതിനുശേഷം കേരളത്തിലേയ്ക്ക് വിദേശ പണമെത്തുന്നത് വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | വിദേശ മലയാളികളുടെ കേരളത്തിലേയ്ക്കുള്ള നിക്ഷേപം വർദ്ധിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദാംശം നൽകുമോ ; | സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പക്കലുള്ള കണക്കുകൾ പ്രകാരം ഈ വർഷം എൻ.ആർ.ഇ നിക്ഷേപത്തിൽ 2013 സെപ്തംബർ വരെയുള്ള ഒരുവർഷ കാലയളവിൽ 22759 കോടി രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | രൂപയുടെ വിലയിടിവ് ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിശദമാക്കുമോ ? | രൂപയുടെ മൂല്യത്തകർച്ച പെട്രോളിയം ഉൽപ്പന്നങ്ങളുടേയും തദ്വാര അവശ്യസാധനങ്ങളുടേയും വിലവർദ്ധനയ്ക്ക് കാരണമാകും. എന്നിരുന്നാൽ തന്നെയും രൂപയുടെ വിലയിടിവ് സംസ്ഥാനത്തിലേയ്ക്ക് വിദേശമലയാളികൾ അയയ്ക്കുന്ന തുകയിൽ വൻ വർദ്ധനവിനും, ഐ.ടി., സമുദ്രോൽപന്നം, കയർ, മറ്റു നാണ്യവിളകൾ മുതലായ കയറ്റുമതി അനുബന്ധ മേഖലകളിലുള്ള വരുമാന വർദ്ധനവിനും ഇടയാക്കും. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ ഒരു പരിധിവരെ വിദേശ മലയാളികളുടെ സംഭാവനയെയും കയറ്റുമതി മേഖലയെയും ആശ്രയിച്ചാണെങ്കിലും രൂപയുടെ മൂല്യത്തകർച്ച മൂലമുണ്ടാകുന്ന വില വർദ്ധനവ് എല്ലാ ഭക്ഷ്യോത്പന്നങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് കടുത്ത ആഘാതമാകും. വിലക്കയറ്റം മറികടക്കാൻ പൊതുവിതരണ ശൃംഖലകളിലൂടെ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾക്ക് വർദ്ധിച്ച സബ്സിഡി നൽകേണ്ടി വരുന്നത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ